**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1507** **08-12-2022 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ സ്കൂളുകളുടെ നവീകരണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന കില എസ്.പി.വി.യായി നടപ്പിലാക്കുന്ന വിവിധ സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | പാറശ്ശാല മണ്ഡലത്തിൽ കില എസ്.പി.വി യായി നടപ്പിലാക്കുന്ന വിവിധ സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.<br><br>**3 കോടി കിഫ്ബി പദ്ധതി**<br><br>3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ജി.വി.എച്ച്.എസ്.എസ് & എച്ച്.എസ്.എസ് പാറശ്ശാല സ്കൂളിന് പുതുക്കിയ ഡി എസ് ആർ/ ജി.എസ്.റ്റി (DSR/GST) നിരക്ക് പ്രകാരമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റ് ഭേദഗതി വരുത്തി സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**1 കോടി കിഫ്ബി പദ്ധതി**<br><br>1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട മൈലച്ചൽ ഗവ.എച്ച്.എസ്.എസ്, ധനുവച്ചപുരം എം.കെ.എം.ജി.എച്ച്.എസ്.എസ് എന്നീ സ്കൂളുകൾക്ക് പുതുക്കിയ ഡി എസ് ആർ/ജി.എസ്.റ്റി (DSR/GST) നിരക്ക് പ്രകാരമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റ് ഭേദഗതി വരുത്തി സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കീഴാറൂർ ഗവ.എച്ച്.എസ്.എസ് സ്കൂളിന്റെ നിർമ്മാണപ്രവൃത്തി ആരംഭിച്ചിരുന്നു. 45%ത്തോളം നിർമ്മാണം പൂർത്തിയായി. 2 പാർട്ട് ബില്ലുകൾ കരാറുകാരന് അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ കരാറുകാരൻ പുതിയ റേറ്റ് ആവശ്യപ്പെട്ടു കൊണ്ട് പ്രവൃത്തി നിർത്തിവയ്ക്കുകയുണ്ടായി. പുതിയ റേറ്റ് നിയമപരമായി നൽകാൻ കഴിയില്ല എന്നും |

| | | | |
|---|---|---|---|
| | | | പ്രവൃത്തി കരാർ ഉടമ്പടി പ്രകാരം പൂർത്തിയാക്കിയില്ലെങ്കിൽ നിയമപരമായി തുടർ നടപടികൾ സ്വീകരിക്കുമെന്നും കാണിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. തുടർന്ന് കരാറുകാരൻ കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. ബഹു.ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം കരാറുകാരനെ നേരിൽ കേൾക്കുന്നതിനും റേറ്റ് റിവിഷൻ അടക്കമുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ കരാറുകാരൻ വീണ്ടും കേസ് ഫയൽ ചെയ്യുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. ആയതിനാൽ കേസിന്റെ നടപടികളനുസരിച്ച് മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.<br><br>ആനാവൂർ ഗവ.എച്ച്.എസ്.എസ് സ്കൂളിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് 10/02/2021 ന് എഗ്രിമെന്റ് വച്ചിരുന്നു. എന്നാൽ പ്രവൃത്തി നടത്തേണ്ട സ്ഥലത്ത് നിലവിലുണ്ടായിരുന്ന കെടിടം പൊളിച്ചു മാറ്റുന്നതിന് യഥാസമയം കഴിയാതെ വന്നതിനാൽ പുതിയ റേറ്റ് നൽകണമെന്ന് കരാറുകാരൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ കരാറുകാരൻ നൽകിയ അപേക്ഷ നിരസിക്കുകയും കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കാൻ നിർദ്ദേശം നൽകി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കരാറുകാരനെ ടിയാന്റെ Risk& Cost ൽ കരാർ ഒഴിവാക്കുന്നതിനുള്ള നടപടികൾ കില സ്വീകരിച്ചു വരുന്നു. തുടർന്ന് പുതിയ ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | കില എസ്.പി.വി - യായിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയ്ക്ക് പുറമേ പാറശ്ശാല നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; ഇതിൽ ഒരോ പദ്ധതിയ്ക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും നിർവ്വഹണ ഏജൻസി ആരാണെന്നും ഓരോ പദ്ധതിയുടെയും നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശവും വ്യക്തമാക്കുമോ? | (സി) | പാറശ്ശാല നിയോജക മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ പുതുതായി നിർമ്മാണ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ